# ഏതു തരത്തിലുള്ള ബന്ധമാണ് നിങ്ങൾക്കു കർത്താവുമായിട്ടുള്ളത്?

സാക് പുന്നൻ

WFTW 14 ജൂൺ 2015

ഹോശെയ നമ്മെ പഠിപ്പിക്കുന്നത് ഫലപ്രദമായി ശുശ്രൂഷ ചെയ്യുന്നതിനുള്ള ഏക മാർഗ്ഗം ഒരാൾ തൻറെ ജീവിതത്തിൽ ആഴത്തിലുള്ള കഷ്ടതയിലൂടെ കടന്നു പോകുന്നതാണെന്നാണ്. വ്യത്യസ്ത ആളുകൾക്കു വ്യത്യസ്ത രീതിയിലാണ് ദൈവം ഇതു ചെയ്യുന്നത്. ദൈവത്തിൻറെ എല്ലാ മക്കൾക്കും ഒരേ നിലവാരത്തിലുള്ള പാഠ്യപദ്ധതിയല്ല അവിടുത്തേക്കുള്ളത്. അവിടുന്ന് ഹോശെയയെ പഠിപ്പിച്ചത് പ്രയാസപ്പെടുത്തുന്ന ഒരു ഭാര്യയിലൂടെയാണ്. എന്നാൽ അവിടുന്ന് യിരെമ്യാവിനെ പഠിപ്പിച്ചത് ഒരു ഭാര്യയെ കൂടാതെയാണ്, അദ്ദേഹത്തെ ആഴമുള്ള കുഴികളിൽ ഇട്ടതിലൂടെ. അതിനു ശേഷം പൗലൊസിനെ പഠിപ്പിച്ചതും ഒരു ഭാര്യയെ കൂടാതെയായിരുന്നു. അതുകൊണ്ട് എല്ലാവർക്കും ഓരേ പ്രവർത്തന രീതിയല്ല. എന്നാൽ പ്രമാണം ഒന്നു തന്നെയാണ്. ദൈവത്തിൽ നിന്ന് നിങ്ങൾക്കൊരു ശുശ്രൂഷ ഉണ്ടാകണമെങ്കിൽ നിങ്ങൾ കഷ്ടത അനുഭവിക്കണം. പൗലൊസ് പറഞ്ഞു: 'ഞാൻ അനേകം കഷ്ടങ്ങളിൽക്കൂടി കടന്നു പോയി. ആ കഷ്ടതയിൽ ഞാൻ ദൈവത്തിൽ നിന്നു പ്രാപിച്ച ആ ശക്തി ആണ് ഇപ്പോൾ മറ്റ് ആളുകൾക്ക് ഞാൻ പകർന്നു കൊടുക്കുന്നത്' (2കൊരി. 1:4). അങ്ങനെയുള്ള അനുഭവങ്ങളില്ലെങ്കിൽ നിർജ്ജീവമായ കുറച്ച അറിവ് മാത്രമേ മറ്റുള്ളവർക്ക് കൊടുക്കുവാൻ നമുക്ക് കഴിയുകയുള്ളു.

ഹോശെയ ഗോമെരിനെ വിവാഹം ചെയ്തു. എന്നാൽ അവളുടെ ചില മക്കൾ മറ്റു പുരുഷന്മാരിൽ നിന്ന് ജനിച്ചവരായിരുന്നു. അവളുടെ ആദ്യജാതൻ ഹോശെയയുടെതായിരുന്നു. അടുത്ത രണ്ടു കുട്ടികൾ, ഒരുപക്ഷേ അദ്ദേഹത്തിൻറേതല്ലായിരിക്കാം. ആ കുഞ്ഞുങ്ങളുടെ പേരുകൾ സൂചിപ്പിച്ചത്, ദൈവം എങ്ങനെയാണ് തൻറെ ജനത്തെ ശിക്ഷിച്ചിരുന്നത് എന്നാണ്. ഇതാണ് യിസ്രായേലിൻറെ രീതി: 'അവൾ ജാരന്മാരെ പിന്തുടരും; എങ്കിലും അവരോടൊപ്പം എത്തുകയില്ല. അവൾ അവരെ അന്വേഷിക്കും. കണ്ടെത്തുകയില്ലതാനും; അപ്പോൾ അവൾ ഞാൻ എൻറെ ആദ്യ ഭർത്താവിൻറെ അടുക്കൽ മടങ്ങിപ്പോകും; ഇന്നത്തേക്കാൾ അന്ന് എനിക്ക് ഏറെ നന്നായിരുന്നല്ലോ എന്നു പറയും' (ഹോശെയ 2:7). ഇസ്രയേൽ ദൈവത്തിൽ നിന്ന് അകന്നുപോയ അതേ രീതിയിൽ തന്നെ ഹോശെയയുടെ ഭാര്യ അദ്ദേഹത്തിൽ നിന്ന് അകുന്നു പോയി. എന്നാൽ ഇസ്രയേൽ കഷ്ടതയിലായപ്പോൾ അവൾ വീണ്ടും ദൈവത്തെ അന്വേഷിച്ചു. മിക്ക ആളുകളും ദൈവത്തെ അന്വേഷിക്കുന്നത് അവർ കഷ്ടതയിലാകുമ്പോൾ മാത്രമാണ്. പണം അവരുടെ പ്രശ്നം പരിഹരിക്കുന്നില്ല എന്നു കണ്ടെത്തുമ്പോൾ. അതുപോലെ ലോകത്തിലെ ആളുകൾ അവരെ തരംതാഴ്ത്തുമ്പോൾ, അപ്പോൾ അവർ ദൈവത്തിലേക്കു തിരിയുകയും അവിടുത്തെ സഹായം അന്വേഷിക്കുകയും ചെയ്യും. അപ്പോൾ ദൈവം അവരെ സഹായിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ദൈവം ഹോശെയയോട് പറഞ്ഞു: 'ഏറ്റവും ഒടുവിലത്തെ അഭയസ്ഥാനമായി നിൻറെ അടുക്കലേക്ക് മടങ്ങി വരുമ്പോൾ പോലും നീ അവളെ തിരിച്ചെടുക്കുക.'

യഹോവ അരുളിച്ചെയ്തു: 'അവൾക്ക് ധാന്യവും വീഞ്ഞും എണ്ണയും നൽകിയതും ബാലിനു വേണ്ടി ഉപയോഗിച്ച അവളുടെ വെള്ളിയും പൊന്നും വർദ്ധിപ്പിച്ചതും ഞാൻ എന്ന് അവൾ അറിഞ്ഞില്ല' (ഹോശെയ 2:8). ഈ വാക്യം നമ്മൾക്കും പ്രസക്തമാണ്. നിങ്ങൾക്കുള്ളതെല്ലാം ദൈവത്തിൽ നിന്നു വന്നതാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? നിങ്ങളുടെ ആരോഗ്യം ദൈവത്തിൻറെ ദാനമാണെന്ന് നിങ്ങൾ ഗ്രഹിക്കുന്നുണ്ടോ? നിങ്ങളുടെ പണം ദൈവത്തിൻറെ ദാനമാണ്. നിങ്ങളുടെ ബുദ്ധിശക്തി ദൈവത്തിൻറെ ദാനമാണ്. ഇസ്രയേൽ തങ്ങളുടെ പൊന്നും വെള്ളിയും ബാലിനു വിഗ്രഹങ്ങളുണ്ടാക്കാൻ ഉപയോഗിച്ചു. ദൈവം നിങ്ങൾക്കു നൽകിയിട്ടുള്ളതിനെ ഈ ലോകത്തിനും അതിൻറെ സന്തോഷങ്ങൾക്കുമായി ഉപയോഗിക്കാറുണ്ടോ?

ധൂർത്ത പുത്രൻറെ ഉപമ ഓർക്കുക. അവൻ തൻറെ പിതാവിൽ നിന്ന് പണം എടുത്തു. എന്നാൽ അവൻ അത് അവൻറെ പിതാവിൻറെ വ്യാപാരത്തിനായി ഉപയോഗിച്ചില്ല. അവൻ അതെല്ലാം അവൻറെ തന്നെ കാര്യത്തിനായി ചെലവഴിച്ചു. പിന്മാറ്റത്തിലായ ദൈവജനത്തിൻറെ അടയാളം ഇതാണ്. അവർക്ക് ദൈവത്തിൽ നിന്നു വളരെയധികം ദാനങ്ങൾ ലഭിക്കുന്നു. എന്നാൽ അവർ അതുകൊണ്ട് എന്തു ചെയ്യുന്നു? അവർ

ചിന്തിക്കുന്നത് 'ഈ ശരീരം എൻറേതാണ്, എനിക്ക് അത് എൻറെ ഇഷ്ടംപോലെ ഉപയോഗിക്കാം. ഈ ബുദ്ധിശക്തി എൻറേതാണ്. അതു കഴിയുന്നിടത്തോളം എൻറെ സ്വന്ത ലാഭത്തിനായി ഞാൻ ഉപയോഗിക്കണം. ഈ പണം എൻറേതാണ്. ഇത് എല്ലാം ഞാൻ തന്നെ സമ്പാദിച്ചതാണ്. അത് എനിക്ക് എൻറെ ഇഷ്ടം പോലെ ഉപയോഗിക്കാം.' ദൈവം നമുക്കു നൽകിയ പൊന്നും വെള്ളിയും എടുത്ത് അവകൊണ്ട് ബാലിനുവേണ്ടി വിഗ്രഹം ഉണ്ടാക്കുക എന്നതിൻറെ അർത്ഥം അതാണ്. ദൈവം അരുളിച്ചെയ്യുന്നത്: 'അവർക്കുള്ളതെല്ലാം ഞാൻ അവർക്കു കൊടുത്തതാണെന്ന് അവർ അറിയുന്നില്ല.' നിങ്ങളെ സംബന്ധിച്ച് അത് എങ്ങനെയാണ്? എല്ലാ കാര്യങ്ങളും ദൈവത്തിൻറേതാണെന്ന് നിങ്ങൾ തിരിച്ചറിഞ്ഞാൽ അപ്പോൾ നിങ്ങൾ എല്ലാം അവിടുത്തേക്കു മടക്കി കൊടുത്തിട്ടു പറയും: 'കർത്താവേ, അവിടുന്ന് ഈ ദാനങ്ങളെല്ലാം എനിക്കു തന്നു. ഇതെല്ലാം അവിടുത്തെ രാജ്യത്തിനുവേണ്ടി തന്നെ ഉപയോഗിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.'

ഇസ്രയേൽ ഇത്ര അവിശ്വസ്ത ആയിട്ടും, കർത്താവു പറയുന്നത്: 'ഞാൻ അവളെ തിരികെ നേടിയെടുക്കും. ഞാൻ അവളെ മരുഭൂമിയിലേക്കു നയിക്കും. ഞാൻ അവളുടെ ജീവിതത്തിൽ കാര്യങ്ങളെല്ലാം വരണ്ടതും തരിശും ആക്കും. അനന്തരം കാര്യങ്ങളെല്ലാം വരണ്ടതും തരിശും ആകുമ്പോൾ അവൾ എന്നിലേക്കു തിരിയും. അപ്പോൾ ഞാൻ അവളോട് ഹൃദ്യമായി സംസാരിക്കും' (ഹോശെ. 2:14). തന്നോട് തീർത്തും അവിശ്വസ്തയായ ഒരാളിനോട് ഒരു ഭർത്താവും ഇത്ര ഹൃദ്യമായി സംസാരിക്കുകയില്ല. എന്നാൽ കർത്താവു പറയുന്നു 'ഞാൻ അവളോട് ഹൃദ്യമായി സംസാരിക്കുകയും ഞാൻ അവൾക്കു ദാനങ്ങൾ കൊടുക്കുന്നത് തുടരുകയും ചെയ്യും. ഞാൻ അവൾക്ക് മുന്തിരിത്തോട്ടങ്ങളെ മടക്കി കൊടുക്കും. ഞാൻ ആഖോർ താഴ്വരയെ പ്രത്യാശയുടെ വാതിലാക്കി രൂപാന്തരപ്പെടുത്തും' (ഹൊശെ. 2:15). ആഖോർ എന്നത്, ആഖാൻ യെരിഹോവിൽ വച്ച് യഹോവയ്ക്കുള്ളത് മോഷ്ടിച്ച പാപം നിമിത്തം കല്ലെറിഞ്ഞു കൊല്ലപ്പെട്ട സ്ഥലമാണ് (യോശുവ 7). അത് പാപത്തിനുള്ള ന്യായവിധിയുടെ സ്ഥലമായിരുന്നു. ഇപ്പോൾ കർത്താവു പറയുന്നത്: 'ഞാൻ ന്യായവിധിയുടെ സ്ഥലം നിനക്കുവേണ്ടി പ്രത്യാശയുടെ താഴ്വരയാക്കാൻ പോകുകയാണ്. നീ പരാജയപ്പെട്ടെങ്കിലും, അതിൻറെ ഫലമായ ന്യായവിധിയും വേട്ടയാടലും നിൻറെമേൽ വന്നെങ്കിലും, ഇപ്പോൾ നീ നിൻറെ പാപങ്ങൾ ഏറ്റു പറഞ്ഞിരിക്കുന്നതിനാൽ, ഇതേ സ്ഥലത്തു തന്നെ ഞാൻ നിനക്കുവേണ്ടി പ്രത്യാശയുടെ ഒരു വാതിൽ തുറന്നു തരും. അതിൻറെ ഫലമായി വരുന്ന നാളുകളിൽ നിൻറെ ജീവിതത്തിൽ നിന്ന് മനോഹരമായ ചില കാര്യങ്ങൾ മുന്നോട്ടു വരുവാൻ ഇടയാകും.'

പിന്മാറി ദൈവത്തിൽ നിന്നകന്നു പോകുകയും തങ്ങളുടെ ജീവിതത്തിൽ അനേക വർഷങ്ങൾ പാഴാക്കുകയും ചെയ്തിട്ടുള്ളവർക്കു വേണ്ടിയുള്ള അത്ഭുതകരമായ ഒരു സന്ദേശമാണിത്. തങ്ങളുടെ ജീവിതത്തിലെ അനേക വർഷങ്ങൾ നഷ്ടപ്പെടുത്തുകയും ധാരാളം തെറ്റായ കാര്യങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട് എന്ന കാരണത്താൽ അനേകരും നിരുത്സാഹപ്പെട്ടവരായിത്തീർന്നിരിക്കുന്നു. കുറച്ചുകൂടി ചെറുപ്പമായിരുന്നപ്പോൾ ഈ സത്യങ്ങൾ അറിഞ്ഞിരുന്നെങ്കിൽ എന്നവർ ആശിക്കുന്നു. നിങ്ങൾ വേട്ടയാടപ്പെട്ടു. നിങ്ങൾ കഷ്ടതയനുഭവിച്ചു. ഇപ്പോൾ കർത്താവ് നിങ്ങളോടു പറയുന്നു: 'നിരുത്സാഹപ്പെടരുത്. ഞാൻ ആഖോർ താഴ്വരയെ നിനക്കു വേണ്ടി പ്രത്യാശയുടെ ഒരു വാതിൽ ആക്കിത്തീർക്കും.'

അനന്തരം കർത്താവ് തുടർന്നു പറയുന്നു 'അന്നാളിൽ നീ എന്നെ ഉടയവനെ എന്നല്ല ഭർത്താവേ എന്നു വിളിക്കും' (ഹോശെ. 2:16). ഇന്നു നമുക്കു കർത്താവുമായിട്ടുണ്ടാകാൻ കഴിയുന്ന ഭർത്താവും ഭാര്യയും പോലെയുള്ള ഒരു ബന്ധം അന്ന് പഴയ ഉടമ്പടിയിൽ അവർക്ക് അറിയാൻ കഴിഞ്ഞിരുന്നില്ല. ഈ ബന്ധമാണ് പരിശുദ്ധാത്മാവ് നമ്മുടെ ജീവിതങ്ങളിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. അബ്രാഹാമിൻറെ ദാസൻ റിബേക്കയെ യിസഹാക്കിൻറെ അടുത്തു കൊണ്ടുവന്നതുപോലെ. നമുക്ക് യേശുവിനോട് വിവാഹിതരാകുവാൻ കഴിയത്തക്കവിധം പരിശുദ്ധാത്മാവ് നമ്മെ യേശുവിവേക്ക് കൊണ്ടു വരുന്നു. പഴയ നിയമത്തിൽ അവർ അവിടുത്തെ അറിഞ്ഞത് ഉടയവനായിട്ടാണ്. ഇന്ന് അവിടുന്നു പറയുന്നു 'ഇനി ഒരിക്കലും നീ എന്നെ 'ഉടയവനെ' എന്നു വിളിക്കുകയില്ല. നീ എന്നെ 'ഭർത്താവേ' എന്നു വിളിക്കും.

കർത്താവുമായി ഏതു തരം ബന്ധമാണ് നിങ്ങൾക്കുള്ളത്? ഇന്ന് പ്രാഥമികമായി അവിടുത്തെ ആഗ്രഹം നിങ്ങളുടെ യജമാനനായിരിക്കാനല്ല. എന്നാൽ നിങ്ങളുടെ ഭർത്താവായിരിക്കാനാണെന്ന് നിങ്ങൾക്കറിയാമോ? അനേകം അളുകൾക്കും കർത്താവിനുവേണ്ടി തങ്ങൾ ചെയ്യുന്ന ശുശ്രൂഷകൾ മുഷിച്ചിലുള്ളതും ഭാരമുള്ളതുമാകുന്നു. കാരണം അത് ഒരു ദാസൻ തൻറെ യജമാനനെ സേവിക്കുന്നതുപോലെ ആണ്.

ശമ്പളത്തിനു വേണ്ടി മാത്രം കഠിനമായ ഒരു യജമാനന് ജോലി ചെയ്തു കൊടുക്കുന്നതുപോലെയാണ്. എന്നാൽ ഒരു ഭാര്യ അവളുടെ ഭർത്താവിനെ സേവിക്കുന്നത് ശമ്പളത്തിനു വേണ്ടിയല്ല. ഒരു യജമാനൻ തൻറെ വ്യക്തിപരമായ സമ്പത്ത് തൻറെ വേലക്കാരുമായി പങ്കിടുകയില്ല. എന്നാൽ ഒരു ഭർത്താവ് അതു ചെയ്യും. ഒരു ഭർത്താവ് തൻറെ ഭാര്യയെ സംരക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ ആ ഭാര്യ തൻറെ ഭർത്താവിനെ ശുശ്രൂഷിക്കുന്നത് ഇതിനെല്ലാം വേണ്ടിയല്ല. അവൾ സ്നേഹത്തിൽ നിന്നാണ് അവനെ ശുശ്രൂഷിക്കുന്നത്. കർത്താവു പറയുന്നു 'നീ അവിശ്വസ്തയായാലും, ഞാൻ നിന്നോട് വിശ്വസ്തനായിരിക്കുകയും ഞാൻ നിന്നെ എൻറേതാക്കി തീർക്കുകയും ചെയ്യും' (ഹോശെ. 2:20). തന്നിൽ നിന്നകന്നു പോയിരിക്കുന്ന ഒരാളിനെ കർശനമായി പിന്തുടരുന്ന വലിയ ദൈവസ്നേഹമാണ് ഇവിടെ നാം കാണുന്നത്. നമുക്കോരോരുത്തർക്കും വേണ്ടി കർത്താവു കരുതുന്നതിങ്ങനെയാണ്.

ഹോശെയയുടെ ഭാര്യ അവളെ തന്നെ ഒരടിമയായി വിറ്റു. എന്നാൽ ഹോശെയ അവളെ 'പതിനഞ്ചു വെള്ളിക്കാശിനും, ഒന്നര ഹോമെർ യവത്തിനും ഒരളവു വീഞ്ഞിനും തരിച്ചു മേടിച്ചു' (ഹോശെ. 3:2). എന്നിട്ട് അവളോടു പറഞ്ഞു 'നീ ബഹുകാലം എൻറെ വീട്ടിൽ അടങ്ങിപ്പാർക്കുകയും നിൻറെ വേശ്യവൃത്തി അവസാനിപ്പിക്കുകയും വേണം.'

ഇത് ദൈവസ്നേഹത്തിൻറെ ഒരു ചിത്രമാണ്.